മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പ്രശ്നത്തിൽ എടച്ചേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുകയും ഒന്നാം പ്രതി തച്ചോത്ത് നാണുവിനെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ബി. ജെ. പി. പ്രവർത്തകരായ മറ്റ് പ്രതികൾ തങ്ങളെ ചെമ്പുകുനി കൃഷ്ണനും മറ്റും ചേർന്ന് ആക്രമിച്ചതായി പറഞ്ഞ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. ഇവർ പോലീസ് നിരീക്ഷണത്തിലാണ്. ചികിത്സ കഴിഞ്ഞ് പുറത്തിറങ്ങുന്ന മുറയ്ക്ക് അവരേയും അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(4) ആലുവയിലെ ഇൻഡ്യൻ അലുമിനിയം കമ്പനി നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. മുഹമ്മദാലി: കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന വ്യവസായ സ്ഥാപനങ്ങളിൽ ഒന്നാണ് ഇൻഡ്യൻ അലുമിനിയം കമ്പനി. ഇപ്പോൾ അതിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. വയബിളായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ലായെന്നാണ് അവർ പറയുന്നത്. പവർ ട്രേഡിംഗ് കോർപ്പറേഷനിൽനിന്ന് ചുരുങ്ങിയ നിരക്കിൽ അവർക്ക് വൈദ്യുതി ലഭിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. വീലിംഗ് ചാർജ്ജിലും ടാക്സിലും ന്യായമായ രീതിയിൽ ഇളവ് അനുവദിക്കുകയാണെങ്കിൽ ഇത് നടത്തിക്കൊണ്ടുപോകാൻ കഴിയും. ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കുന്ന താരിഫിൽ കൂടുതലായി ടാക്സും വീലിംഗ് ചാർജ്ജും വന്നാൽ അവർക്ക് വയബിളായി നടത്തിക്കൊണ്ടുപോകാൻ കഴിയുകയില്ല. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളിൽ ഒന്നായ നല്ല തൊഴിൽ ബന്ധമുള്ള ഈ സ്ഥാപനം തുറന്നു പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യം കെ. എസ്. ഇ. ബി.-യിൽനിന്നും ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ഇൻഡ്യൻ അലുമിനിയം കമ്പനി 110 കെ. വി.-യിൽ വൈദ്യുതി ഉപയോഗിക്കുന്ന ഒരു ഇ. എച്ച്. ടി. കൺസ്യൂമറാണ്. നിലവിലുള്ള കോൺട്രാക്ട് ഡിമാന്റ് 30 മെഗാവാട്ടും പ്രതിമാസ ശരാശരി ഉപഭോഗം 20 ദശലക്ഷം യൂണിറ്റുമാണ്. കമ്പനിക്ക് 1-10-2002 മുതൽ നിലവിലുള്ള വൈദ്യുതി നിരക്കിൽ യൂണിറ്റ് ഒന്നിന് 2 രൂപ 90 പൈസയും ഡിമാന്റ് ചാർജ്ജ് കെ. വി. എ. ഒന്നിന് 245 രൂപയുമാണ്. ഇപ്പോഴത്തെ ചാർജ്ജിന് മുമ്പ് ഉണ്ടായിരുന്ന നിരക്ക് യൂണിറ്റ് ഒന്നിന് 2 രൂപ 40 പൈസയും ഡിമാന്റ് ചാർജ്ജ് കെ.വി.എ. ഒന്നിന് 245 രൂപയുമായിരുന്നു. 1-10-2002-ലെ താരിഫ് നിരക്കിൽ കമ്പനി നടത്താൻ സാധ്യമല്ലായെന്ന കാരണം കാണിച്ച് 1-8-2003 മുതൽ കമ്പനിയിൽ 25 മെഗാവാട്ട് കോൺട്രാക്ട് ഡിമാന്റ് കുറച്ചിരിക്കുകയാണ്. മറ്റുള്ള എച്ച്. ടി., ഇ. എച്ച്. ടി. ഉപഭോക്താക്കൾക്ക് യൂണിറ്റ് ഒന്നിന് 10 പൈസ ഡ്യൂട്ടി ഈടാക്കുമ്പോൾ ഈ കമ്പനിയിൽനിന്ന് ഒരു പൈസയാണ് ഡ്യൂട്ടി ഈടാക്കുന്നത്. കമ്പനി സർക്കാരിന് തന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 24-4-2003-ൽ ഒരു ഉത്തരവ് പ്രകാരം 2003 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഒരു കോടി രൂപ വീതം ആശ്വാസം അനുവദിച്ചിരുന്നു. ഇത് 50:50 എന്ന അനുപാതത്തിൽ ഗവൺമെന്റും വൈദ്യുതി ബോർഡും വഹിക്കണമെന്നാണ്. എങ്കിലും കമ്പനി ഓരോ മാസവും ഒരു കോടി രൂപാ വീതം കുറച്ചാണ് വൈദ്യുതി ബിൽ അടച്ചത്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി കൊണ്ടുവരാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കമ്പനിയുടെ അപേക്ഷയിൻമേലുള്ള ബോർഡിന്റെ നിലപാട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. സാധാരണ നടക്കുന്നതുപോലെയല്ല. 2003-ലെ ഇലക്ട്രിസിറ്റി ആക്ട് വന്നതിനുശേഷം ഈ അധികാരം ഗവൺമെന്റിലോ ബോർഡിലോ നിക്ഷിപ്തമല്ല. കമ്പനിക്ക് ഈ കാര്യം അറിയാം. അതുകൊണ്ടാണ് കമ്പനി റഗുലേറ്ററി കമ്മീഷനു മുമ്പാകെ

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷ സമർപ്പിച്ചത്. ഒട്ടും കാലതാമസം വരുത്താതെ ബോർഡ് അതിൻമേൽ നിലപാട് സമർപ്പിച്ചിട്ടുള്ളതാണ്. എല്ലാ വസ്തുതകളും പരിശോധിച്ച് റഗുലേറ്ററി കമ്മീഷൻ തീരുമാനമെടുക്കേണ്ട വിഷയമാണ്.

(5) വടകര സ്വദേശി ഇബ്രാഹിം എന്ന ആളിനെ പാകിസ്ഥാനിലേയ്ക്ക് അയയ്ക്കാൻ ശ്രമിച്ചത് സംബന്ധിച്ച്

ശ്രീ. മത്തായി ചാക്കോ: സർ, കോഴിക്കോട് ജില്ലയിലെ വടകരയ്ക്കടുത്ത് ചല്ലിക്കുളത്ത് ആയിശുവിന്റെ മകൻ ഇബ്രാഹിമിന്റെ പൗരത്വ പ്രശ്നം കേരളീയരുടെ മനസ്സ് അലിയിച്ച ഒരു കാര്യമാണ്. 1950-ൽ ജനിച്ച ഈയാളെ 1969-ൽ വിസയുടെ ഏർപ്പാട് വരുന്നതിനുമുമ്പ് ദുബായിലേയ്ക്കാണെന്ന് പറഞ്ഞ് കറാച്ചിയിൽ കൊണ്ടിറക്കി. എട്ടൊൻപത് വർഷക്കാലം അവിടെ പണിയെടുത്തിനുശേഷം ഇൻഡ്യയിലേയ്ക്ക് തിരിച്ചുവന്നു. 26 കൊല്ലമായി വടകരയിൽ മത്സ്യം വാങ്ങി വിറ്റ് ജീവിക്കുന്ന ആളാണ്. തെരുവ് പട്ടികൾക്ക് സംരക്ഷണം കൊടുക്കാൻവേണ്ടി നിയമമുള്ള ഒരു രാജ്യമാണ് ഇൻഡ്യ. അതിന് വ്യഗ്രത കാണിക്കുന്ന മന്ത്രിമാരുള്ള ഈ രാജ്യത്ത് ഒരു സാധാരണ പൗരന് മനുഷ്യാവകാശപരമായ അവകാശങ്ങൾ ഇല്ലാതെ വിസ തീർന്നുപോയി എന്നു പറഞ്ഞ് പോലീസ് അയാളെ പിടിച്ച് ഇൻഡ്യൻ അതിർത്തിയിലേയ്ക്ക് കൊണ്ടുപോയി. അവിടെ പാകിസ്ഥാൻകാർ സ്വീകരിക്കാത്തതുകൊണ്ടുമാത്രം അയാൾ തിരിച്ചുവന്നു. ജയിലിൽ കിടന്നതിനുശേഷം ഇപ്പോൾ അയാൾ ജാമ്യത്തിൽ നിൽക്കുകയാണ്. ജസ്റ്റിസ് രാധാകൃഷ്ണ മേനോന്റെ വിധിയിലും അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനത്തിലെ 15-ാം വകുപ്പ് പ്രകാരവും ഭൂമിയിലെ ഒരോ വ്യക്തിക്കും പൗരത്വത്തിന് അവകാശമുണ്ടെന്ന് അനുശാസിക്കുന്നുണ്ട്. അതിൽ ഇൻഡ്യയും ഒപ്പുവച്ചിട്ടുണ്ട്. ഇൻഡ്യയുടെ പൗരത്വ നിയമമനുസരിച്ച് മറ്റ് അയോഗ്യതകൾ ഇല്ലെങ്കിൽ അഞ്ചു വർഷം ഇവിടെ സ്ഥിരതാമസം നടത്തിയിട്ടുള്ള ഏതൊരാൾക്കും ഇൻഡ്യയിൽ പൗരത്വത്തിന് അവകാശമുണ്ട്. ഒരു പ്രധാനപ്പെട്ട പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താനുള്ളത്, കേന്ദ്ര സർക്കാർ 11-7-1998-ൽ കേരള ചീഫ് സെക്രട്ടറിക്ക് അയച്ചിട്ടുള്ള ഒരു കത്തിൽ പൗരത്വ നിയമത്തിന്റെ അഞ്ചാം വകുപ്പ് അനുസരിച്ച് ജന്മനാ ഇൻഡ്യക്കാരായ പാകിസ്ഥാൻ പ്രവാസികൾക്ക് സ്ഥിരതാമസാനുമതി നൽകാൻ കേരള സർക്കാർ ശുപാർശ അയച്ചാൽ പരിഗണിക്കാമെന്നുള്ള ഒരു സന്ദേശം ഇങ്ങോട്ട് അയച്ചിട്ടുണ്ട്. പാർലമെന്റിൽ എം. പി.-മാർ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ കേരള ഗവൺമെന്റ് ഇവരുടെ പൗരത്വപ്രശ്നം സംബന്ധിച്ച് ശരിയായ രൂപത്തിൽ ശുപാർശ അയച്ചാൽ കൊടുക്കാൻ സന്നദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തര വകുപ്പും പറഞ്ഞിട്ടുണ്ട്. ഇങ്ങനെ നാനൂറു പേരോളമുണ്ട്. നാദാപുരത്ത് കാൽ മുറിച്ച 78 വയസ്സുള്ള ഒരു അബൂബക്കർ. ഇയാൾ എങ്ങോട്ട് പോകും? ഇതിനുമുമ്പ് ഈ പ്രശ്നം സഭയിൽ ഉന്നയിച്ചപ്പോഴും ബഹുമാനപ്പെട്ട മഞ്ഞളാംകുഴി എം. എൽ. എ.-യുടെ നിവേദനത്തിന്റെ മറുപടിയായും സർവ്വകക്ഷി യോഗം വിളിച്ച് മനുഷ്യത്വപരമായി ഈ പ്രശ്നം കൈകാര്യം ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചിട്ടുള്ളതാണ്. അടിയന്തിരമായി കേരളത്തിലെ ആഭ്യന്തര വകുപ്പ് ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് സന്ദേശം അയയ്ക്കുകയും നിരാലംബരായ 400-ഓളം വരുന്ന ആളുകൾക്കും അവരുടെ കുടുംബങ്ങൾക്കും സംരക്ഷണം കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച 1998-ൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കിട്ടിയ കേന്ദ്ര ഗവൺമെന്റിന്റെ കത്ത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഞാൻ അത് പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെചൂണ്ടിക്കാണിച്ച ഇബ്രാഹിമിന്റെ കാര്യം ഒരു മാനുഷിക പ്രശ്നംതന്നെയാണ്. കേന്ദ്ര ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly